സ്വാതന്ത്ര്യത്തിലേയ്ക്ക്



കോന്നിയൂർ, ആർ. നരേന്ദ്രനാഥ്.

സൂര്യൻ അസ്തമിക്കുവാൻ ഏതാണ്ട് നാ ലുനാഴിക മാത്രമേയുള്ളു. ക്യാമ്പിൽ എത്തി രുന്നതിന് ഇത്രയും സമയം മുമ്പൊരി ലും എടുത്തിട്ടില്ല. വേലയ്ക്കുവേണ്ടി വന്നിട്ടു ളളവരുടെ എണ്ണം കൂടിയിരുന്നതുകൊണ്ടായിരു ന്നിരിക്കും അവർക്ക് നാട്ടിൽ നിന്ന് അവിടെ എത്തുന്നതിന് കൂടുതൽ സമയം വേണ്ടിവന്ന ആളുകളുടെയൊക്കെ തലയിൽ നല്ല ഭാരമുള്ള ചുമടും ഉണ്ടായിരുന്നു. നാടുവിട്ട് കാട്ടി ലേയ്ക്കു പോന്നിട്ടുള്ള അവരെല്ലാം ആറേഴു ദിവ സത്തേക്ക് ആഹാരത്തിനായുള്ള സാധന ങ്ങളും പണിയായുധങ്ങളും മററും ചുമടാക്കി ചുമരികയാണു ചെയ്യുന്നത്. നാട്ടിൽ നിന്ന് ഇരുപതു നാഴിക നടന്നു വേണം ക്യാമ്പിൽ എത്താൻ. അവിടെ എത്തിയാൽ പിന്നെ കുറ ച്ചാരാശ്വാസമായി.

വനത്തിൽനിന്ന് തടി വെട്ടിയിറക്കുന്ന തിന് കുത്തക പിടിച്ചിട്ടുള്ളവർ, തടിവെട്ടി ആററുതീരത്ത് അട്ടിയടുക്കിവയ്ക്കുന്നതിനുവേ ണ്ടി, വനത്തിൽ ചില താവളങ്ങൾ ഉറപ്പിക്കാ റുണ്ട്. ഈ താവളങ്ങൾ ദുഷ്ടമൃഗങ്ങളിൽ നിന്ന് അധികം ഉപദ്രവം ഉണ്ടാകാത്ത സ്ഥ ലങ്ങളിലായിരിക്കും. തടിവെട്ടുന്നതിനും മററു മായി നാട്ടിൽനിന്നെത്തുന്നവർ വസിക്കുന്നത് ഈ കേന്ദ്രങ്ങളിലാണ്. ഇവയെയാണ് ക്യാമ്പെ ന്നു പറയുന്നത്.

രാമചന്ദ്രന്റെ ചുമടായിരുന്നു ഏററവും ക നമായിരുന്നത്. പുറത്തിരുന്ന് സുഖസവാ രി ചെയ്യുന്ന പാപ്പാനെക്കൂടാതെ കുറച്ചധികം സാധനങ്ങൾ അവന്റെ പുറത്ത് കയററിയിരുന്നു. അവ കയററിയപ്പോൾ അവനത്ര കാര്യമായി വി ചാരിച്ചില്ല. എന്നാൽ കല്ലും മലയും ചവിട്ടി യും പാറക്കെട്ടും കടന്ന് അങ്ങിനെ നട ന്നുതുടങ്ങിയപ്പോൾ ഭാരത്തിന്റെ കൂടുതൽ കു റെശ്ശെയൊക്കെ വ്യക്തമായിത്തുടങ്ങി. എങ്കിലും അവനെന്തു ചെയ്യാനൊക്കും! പുറത്തിരിക്കുന്ന കൊച്ചുരാമൻ അവനെ പൊന്നുമകനെപ്പോലെ നോക്കുന്ന ആളാണ്. തണൽനോക്കി ചില പ്പോഴൊന്നു നിൽക്കുന്ന വേളയിലൊക്കെ കൊ ച്ചുരാമൻ അവന്റെ മസ്തകത്തിൽ തടവിയിട്ടു ചോദിക്കും – "എന്താ മോനേ?"—അവന് അതു് വലിയ ആശ്വാസം നൽകാറുള്ള ചോ ദ്യമാണ്. കൊച്ചുരാമന്റെ സംസാരം മാത്ര മല്ല അംഗവിക്ഷേപങ്ങളുടെ അർത്ഥങ്ങളോരോ ന്നും രാമചന്ദ്രന് നല്ലതുപോലെ മനസ്സിലാ കും. അവരു തമ്മിൽ അത്ര പരിചയവും പ ഴക്കവുമുണ്ട്. കൊച്ചുരാമൻ ഉണ്ണാൻ പൊ തി അഴിക്കുമ്പോൾ ഒന്നാമത്തെ ഉരുള രാമച ന്ദ്രന് നീക്കിവയ്ക്കുക ഒരു ചടങ്ങാണ്. അയാ ളുടെ നിയന്ത്രണത്തിൽ വന്നതിനുശേഷം അ വൻ ഇന്നുവരെ യാതൊരുവിധ എടങ്കേടുകളും കാണിച്ചിട്ടുമില്ല. മുമ്പ് കുറച്ചധികപ്രസംഗി യായിരുന്നുവെന്ന് ഒരു പരാതിയുണ്ട്. കൊ ച്ചുകുട്ടിയായിരുന്നകാലത്താണ് അവൻ കുഴി യിൽ വീണത്. അവനെ കൂട്ടിലിട്ട് അധികം മെരുക്കേണ്ടിവന്നില്ല. അവൻ പെട്ടെന്ന് ഇ ണങ്ങി. പക്ഷേ വളർച്ചയെത്താത്തതിനാൽ വ ലിയ വേലയ്ക്കൊന്നും അവനെ കൊണ്ടുപോയി ട്ടില്ല. ആഹാരം ആവശ്യത്തിനു കിട്ടും. അതു കഴിഞ്ഞിട്ട് അലസമായ ജീവിതമാണ്. പഴയ പാപ്പാൻ പോയി. പിന്നീടു വന്നതാ ണ് കൊച്ചുരാമൻ. അയാൾ വന്നതിനുശേഷം അവന്റെ മേലു വേദനിച്ചിട്ടില്ല. തലോടലല്ലാ തെ തല്ല് അവനേററിട്ടില്ല. ഇങ്ങനെ കഴി ഞ്ഞ പതിനാറുകൊല്ലത്തോളം കഴിഞ്ഞുകൂടി. ഇപ്പോൾ നാലഞ്ചു കൊല്ലമായി കുറെ പണി കൾ ചെയ്യാൻ അവൻ കരുത്തനായിത്തീർന്നു. അവനതൊരു നേരമ്പോക്കാണുതാനും. ആളുകൾ ക്ക് അത്ഭുതമുളവാക്കത്തക്കവണ്ണം അവൻ ഉത്സാഹമായി വേലചെയ്യും. എത്രകഠിനമായിട്ടു ള്ളതാണെങ്കിലും കൊച്ചുരാമൻ പുറത്തുണ്ടെങ്കിൽ പുല്ലുപോലെ ചെയ്തുകഴിയും. അതുകഴിഞ്ഞ് അയാൾ അവനെ തന്നിഷ്ടംപോലെ നിൽക്കു വാൻ വിടുകയുംചെയ്യും.

രാമചന്ദ്രനെ ആദ്യമായിട്ടാണ് ക്യാമ്പിലേയ്ക്കു കൊണ്ടുവന്നത്. വെട്ടിയിട്ട് ചെത്തി ഒരുക്കി യിട്ടുള്ള തടികൾ ആററിന്റെ കരയ്ക്ക് അട്ടി യടുക്കിവയ്ക്കുന്നതിനാണ് അവനെ കൊണ്ടുവ ന്നിട്ടുള്ളത്. അടുത്ത വെള്ളത്തിന് അതു് ചങ്ങാ ടംകെട്ടി വീയപുരം ഡിപ്പോവിൽ എത്തി ക്കാൻ ഉള്ളതാണ്. യാതൊരു എടങ്കേടും കാണിച്ചിട്ടില്ലാത്ത രാമചന്ദ്രനെ ക്യാമ്പിലേയ്ക്കു കൊണ്ടു പോകുന്നത് സൗകര്യമുള്ള കാര്യമാ യി ജോലിക്കാർ കരുതി. കാരണം പലതു ണ്ട്. ഇടങ്കേടില്ലാത്തതാണെങ്കിൽ അതിന്റെ മേലുള്ള നോട്ടം കുറയ്ക്കാം. തളയ്ക്കാതെ വെറു തേവിടാം. തളച്ചാൽ തീററിവെട്ടി അതിനെ മുമ്പിലെത്തിക്കണം. വെറുതെ വിട്ടാൽ അതു നടന്ന് തീററി തേടി തിന്നുകൊള്ളും. വി ളിച്ചാൽ വരികയും ചെയ്യും. ഇതുകൊണ്ട് ജോലിക്കാർക്ക് അവനെ വനത്തിലേക്കു കൊ ണ്ടുപോകാൻ ഉത്സാഹമായിരുന്നു.

ക്യാമ്പിലെത്തിയ കൂലിക്കാരൊക്കെ ചുമടി റക്കി വിശ്രമിക്കുകയാണ്. ചിലർ ചാക്കു വിരിച്ച് നെടുനീളത്തിൽ നിവർന്നു കിടന്നു. മററു ചിലർ വിറകുവെട്ടാൻ പോയി. കുറേ പേർ കുടിലുകളുടെ കേടുപാടുകൾ തീർക്കാ നുള്ള വേലയിൽ ഏർപ്പെട്ടു. ആ വനത്തിന്റെ കേന്ദ്രം വളരെ സജീവമായിത്തീർന്നു. അവിടെ നിന്ന് ഏതാണ്ട് ഒരു വിളിപ്പാടു ദൂരെയാണ് ആറ്. ചുമടെല്ലാം ഇറക്കി രാമ ചന്ദ്രനെ വെറുതെ നിറുത്തിയിട്ട് കൊച്ചു രാമൻ അടുത്തു കിടന്ന പാറയുടെ പുറത്തി രുന്ന് ഒരു ബീഡി വലിച്ചു. വിയർപ്പൊന്നട ങ്ങിയപ്പോൾ രാമചന്ദ്രന്റെ ചെവിക്കു പിടി ച്ചുകൊണ്ട് ആററിലേക്കു നടന്നു. "ഞങ്ങ ളൊന്നു മുങ്ങിയിട്ടുവരാം കേട്ടോ"—ക്യാമ്പിലുള്ള വരോട് കൊച്ചുരാമൻ വിളിച്ചുപറഞ്ഞു.

സൂര്യൻ പടിഞ്ഞാറേക്കുന്നുകൾക്കപ്പുറത്ത് മറയാറായിരിക്കുന്നു. നീലാംബരത്തിൽ ഉരുമ്മി നിൽക്കുന്ന വൻവൃക്ഷങ്ങളുടെ കൊമ്പുകളിൽക്കൂടി കടന്നുപോകുന്ന കാററ് വല്ലാത്ത ഒരു മുഴക്കം സൃഷ്ടിക്കുന്നുണ്ട്. ഇടയ്ക്കിടയ്ക്ക് മരങ്ങൾതമ്മിൽ ഉരയുന്ന ശബ്ദങ്ങളും മറെറങ്ങും കേട്ടിട്ടില്ലാത്ത കാനനപ്പക്ഷികളുടെ കരച്ചിലും കാററിലുലഞ്ഞാടുന്ന വല്ലികളുടെ ഇലകളിളകുന്ന ഒച്ചയും എല്ലാംകൂടി ആ അന്തരീക്ഷത്തിൽ തിങ്ങിക്കലർന്ന് നിൽക്കുകയാണ്. അവിടത്തെ കാററിന് വല്ലാത്ത ഒരു തണുപ്പുണ്ട്. സുഗന്ധവാഹിയല്ലെങ്കിലും പ്രത്യേക മാധുര്യമുണ്ട്. അതേററപ്പോൾ രാമചന്ദ്രന്റെ ശരീരമൊന്നു തണുത്തു. മുമ്പെങ്ങും ഇങ്ങിനെ സുഖം തോന്നിയിട്ടില്ല. ആററിലേക്കു പോകുന്ന വഴിയിൽ തളിർത്തുനിന്ന ചില ചെടികളൊടിച്ച് അവൻ തിന്നുകൊണ്ടിരുന്നു. എന്തൊരു സ്വാദ്!

അവർ ആററിലെത്തി. അധികം വീതിയില്ലാത്ത ആറാണ്. സ്ഫടികംപോലെയുള്ള വെള്ളം. തീരത്തോടടുത്ത് കാട്ടുചെടികളിൽനിന്നു വീണിട്ടുള്ള ഇലകളും പൂക്കളും ഓളങ്ങളേററ് അങ്ങുമിങ്ങും പൊങ്ങി സഞ്ചരിക്കുന്നു. ചെന്ന ചെലവിനുതന്നെ കൊച്ചുരാമൻ അവനെ ആററിലേക്കിറക്കി. അയാളും ഇറങ്ങി നാലഞ്ചു മുങ്ങി. തുമ്പിക്കൈ നിറച്ചു വെള്ളം കോരി രാമചന്ദ്രൻ പുറത്ത് ഇടതടവില്ലാതെ ഒഴിച്ചു. എന്തു ചെയ്യണമെന്നറിവില്ലാതെ അത്യാഹ്ളാദത്താൽ സകലതും വലിച്ചെറിഞ്ഞു സന്തോഷിക്കുന്ന കൊച്ചു കുട്ടിയെപ്പോലെ രാമചന്ദ്രൻ വെള്ളത്തിൽ കിടന്ന് ഓടിച്ചാടിക്കളിച്ചു. അവന്റെ ആഹ്ളാദതിമർപ്പുകണ്ട് കൊച്ചുരാമൻ പറഞ്ഞു:- "അധികം ഇളകാതെ മോനെ"— കൊച്ചുരാമൻ അവനെ വിലക്കി വെള്ളത്തിൽ കിടത്തി. ഒരുവശം ചരിഞ്ഞ് മുട്ടററം വെള്ളമുള്ള ആററിൽ അവൻ കിടന്നു. ഉന്തിനിൽക്കുന്ന വട്ടവയറുമാത്രം വെള്ളത്തിനു വെളിയിൽ വ്യക്തമായി കാണാം. ഉരുണ്ട വലിയ കരിമ്പാറ ആററിനു നടുവിൽ പൊങ്ങി നിൽക്കുന്നതുപോലെ തോന്നും അവന്റെ വയറു കണ്ടാൽ

നീരാട്ടും കഴിഞ്ഞ് കൊച്ചുരാമൻ കൂപ്പിലേക്കു തിരിച്ചു. ആററുതിട്ടയ്ക്ക് തളിരണിഞ്ഞു നിൽക്കുന്ന ആററുവഞ്ചിയും ഈററച്ചെടിയും കണ്ടപ്പോൾ കൊച്ചുരാമന് സന്തോഷമായി. "നാലുമാസം നിനക്കു തിന്നാനുള്ളതൊണ്ടെടാ"– രാമചന്ദ്രന്റെ താടിയിൽ പതുക്കെ തട്ടിക്കൊണ്ട് അയാൾ പറഞ്ഞു. "ഞാൻ വരുന്നതുവരെ നീ നിന്നു തിന്നോ"—രാമചന്ദ്രനെ തളിർത്തു സമൃദ്ധിയായി വളരുന്ന ഈററച്ചെടിയുടെ ഒരു കൂട്ടത്തിലേക്കു കയററിക്കൊണ്ട് കൊച്ചുരാമൻ പറഞ്ഞു. ഈററത്തളിരുകൾ കുത്തിപ്പിഴുത് വായിലാക്കിക്കൊണ്ട് രാമചന്ദ്രൻ ആ കാട്ടിൽനിന്നു. കൊച്ചുരാമൻ

ഓണപ്പുലരിയിൽ

ആയുർവേദത്തിന്റെ വിജയ പതാക ഉയർന്നുയർന്നു പാറുന്ന വിശിഷ്ട വൈദ്യ സ്ഥാപനം.

ശാസ്ത്രീയമായ ചികിത്സയ്ക്കും ഒന്നാം തരം ഔഷധങ്ങൾക്കും വിഖ്യാതമായ

പൗരസ്ത്യ ഫാർമസി, അഞ്ചാലുംമൂട്, പെരിനാട്, കൊല്ലം.

K.K.B ആയുർവ്വേദാചാര്യ കെ. കുഞ്ഞുരാമൻ (Gold Medalist)

കൂപ്പിലേക്കു നടന്നു. കൂപ്പിൽ എത്തിയശേഷം അയാൾ തിരിഞ്ഞുനോക്കി. അവിടെനിന്നു നോക്കിയാൽ രാമചന്ദ്രൻ തളിരു പിഴുത് കുടഞ്ഞടിച്ച് കുംഭി നിറച്ചുകൊണ്ട് നിൽക്കുന്നതു കാണാം.

മുമ്പൊരിക്കലും തീററിക്കിത്ര സ്വാദ് രാമചന്ദ്രനു തോന്നിയിട്ടില്ല. ആററുവഞ്ചിയും ഈററത്തളിരും ഇതിനുമുമ്പും അവൻ കഴിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ മാധുര്യം അവനു അനുഭവിക്കുവാൻ ഇടവന്നിട്ടില്ല. മധുരം മാത്രമല്ല മണവും അവന്റെ സിരകളിൽ കലരുന്നതുപോലെ അവനു തോന്നി. അവന്റെ രക്തത്തിൽ ഒരു നവചൈതന്യം ലയിക്കുകയാണ്.

നേരം സന്ധ്യയായിക്കഴിഞ്ഞു. അന്തരീക്ഷം ആകെപ്പാടെ ശാന്തഗംഭീരമായി തികഞ്ഞ ഗൗരവംപൂണ്ട് നിശ്ചലമായിത്തീർന്നു. അകലത്തുള്ള കുന്നിൻചരുവുകളിൽനിന്ന് ഇടയ്ക്കിടെ ഉയരുന്ന ചില ശബ്ദങ്ങൾ ഒഴിച്ചാൽ മറെറാന്നും കാനനശാന്തതയുടെ ഗൗരവത്തിന് വിഘാതമുണ്ടാക്കുന്നില്ല. കൂപ്പിലെ കുടിലുകളിൽ തീനാമ്പുകൾ തെളിഞ്ഞു. മററെവിടെനോക്കിയാലും കുററിരുട്ടാണ്. ആ കുററിരുട്ടിൽ കൊച്ചു കൈത്തിരികൾക്ക് വല്ലാത്ത ഭംഗിയുണ്ട്. കൂപ്പിന്റെ അതിരിൽ അവിടവിടെ ആഴികൾ കൂട്ടിയിട്ടുണ്ട്. അതിനു ചുററും ചിലരൊക്കെയിരുന്ന് വിശ്രമിക്കുകയാണ്. തെക്കേഅതിരിലുള്ള ആഴിയുടെ അടുത്തു നിന്നുകൊണ്ടു കൊച്ചുരാമൻ രാമചന്ദ്രനെ നീട്ടിവിളിച്ചു. അവന്റെ അമൃതേത്ത് തീർന്നിട്ടില്ലെന്ന് ചവിട്ടിയൊടിക്കുന്ന ശബ്ദം കേട്ടാൽ അറിയാം. കൊച്ചുരാമന്റെ വിളികേട്ട് പതുക്കെപ്പതുക്കെ അവൻ നടന്ന് കൂപ്പിന്റെ അതിരിനടുത്തെത്തി. ആഴിക്കു ചുററും ഇരുന്നിരുന്ന കൂട്ടുകാർക്ക് ഇതൊരു പുത്തരിയായി തോന്നിയില്ല. കൊച്ചുരാമന്റെ ചൊൽപ്പടിക്ക് നില്ക്കാൻ അയാളുടെ മക്കളാരും തുനിയാറില്ല. അതുകൊണ്ട് ആരെങ്കിലും അനുസരിക്കാനുള്ളവരു വേണ്ടേ? ദൈവം രാമചന്ദ്രനെയാണ് കൊച്ചുരാമന് കൊടുത്തത് എന്നാണ് അവർ പറഞ്ഞു കളിയാക്കാറുള്ളത് വാസ്തവമാണ്. മനുഷ്യരാരും കൊച്ചുരാമനെ വക

വയ്ക്കാറില്ല. അയാളുടെ സ്നേഹത്തിന്റെ
ഴം അറിയാറുമില്ല. പത്തിരുപതു കൊല്ലം
ലമായി അയാൾ നിരന്തരമായി സഹകരി
ന്നത് രാമചന്ദ്രനുമായിട്ടാണ്. അയാളു
ജീവനാണ് അവൻ. രാമചന്ദ്ര
ഒരിക്കൽപോലും അനുസരണക്കേടു കാ
ച്ചിട്ടില്ല.

ആഴിക്കടുത്തെത്തിയ രാമചന്ദ്രൻ തു
കൈയിൽ അവശേഷിച്ചിരുന്ന തളിർക്കൊ
കൾ കാലിൽ തല്ലിക്കൊണ്ട് ഉത്തരവുകാ
നിൽക്കുന്ന സേവകനെപ്പോലെ നിന്നു.
ച്ചുരാമൻ അവന്റെ അടുത്തുചെന്ന് താടി
വയററിലും കൈ തട്ടി അവനെ സന്തോ
പ്പിച്ചു. "ഇവിടെ നിന്നോണം കേട്ടോ
നേ" അയാൾ അവന്റെ താടിക്കുഴ ചൊറി
കൊണ്ടു പറഞ്ഞു.

കൂപ്പിൽ എല്ലാപേരും അത്താഴം കഴി
പ്പോൾ സമയം ഏഴെട്ടു നാഴിക ഇരുട്ടി
ന്നു. എവിടെ നോക്കിയാലും കൂരിരുട്ടാ
ഭീകരമായ നിശ്ശബ്ദതയിൽ നീലാംബരത്ത
തിളങ്ങി കൊണ്ടിരിക്കുന്ന താരങ്ങ
പോലും ഗൗരവം വന്നിരിക്കുന്നതു
ലെ തോന്നും. അംബരചുംബിക
വന്മരക്കൂട്ടങ്ങളുടെ മുകളിൽ അവയുടെ
പൂരത്തിന്റെ അംശങ്ങൾ ചോർന്നു വ
ണ്ടെന്ന് തോന്നാതിരിക്കുകയില്ല, ഇരുട്ട
തീററിതേടുന്ന കാനനപ്പക്ഷികളുടെ ച
ടിയൊച്ചയും എന്തു ശബ്ദമെന്നു നിർ
ക്കാനാവാത്ത വണ്ണം അങ്ങകലെ പ്രതിധ
ച്ചുകേൾക്കുന്ന അവ്യക്തശബ്ദങ്ങളും
ടെ ഹൃദയത്തിലും ഭയം ഉളവാക്കാതിരി
യില്ല. അത്താഴവും കഴിഞ്ഞ് ആഴിക്കു
ററും ഉടുതുണികൾ പുതച്ച് ചുരുണ്ടു
രുന്ന് കുശലം പറയുന്ന കറുത്ത
ഇപ്പോൾ കാണാനില്ല. അവരൊക്കെ ഉറ
കിടന്നുകഴിഞ്ഞു. എങ്ങും ശാന്ത
സന്ദർഭങ്ങളിൽ അടിക്കുന്ന
കൊണ്ട് ജ്വലിക്കുന്ന അഗ്നികുണ്ഡ
തിനു സമീപത്ത് പുതച്ചു ദീർഘനി
ണ്ടുകിടക്കുന്ന മനുഷ്യരൂപങ്ങളെ
ന്നുണ്ട്.

കൊച്ചുരാമൻ കിടന്നിരുന്ന

അടുത്താണ് രാമചന്ദ്രനെ നിറുത്തിയിട്ടുള്ളത്. നേരത്തെ ശേഖരിച്ചിരുന്ന തീററക്കെട്ടുകൾ അവൻെറ മുൻപിൽ ഇട്ടിട്ടാണ് കൊച്ചുരാമൻ ഉറങ്ങാൻ കിടന്നത്. അവ ആവശ്യത്തിനെടുത്ത് കാലിലും വയററിലും തല്ലി ഞെരിച്ചൊടിച്ച് വായിലാക്കി തിന്നുകൊണ്ടു നിൽക്കുകയാണ് രാമചന്ദ്രൻ. ക്ലപ്പിലുള്ളവരൊക്കെ കിടന്നുകഴിഞ്ഞപ്പോൾ അന്തരീക്ഷം അതിഭയങ്കരമാംവണ്ണം നിശ്ചലമായി. ഈ വിധത്തിലൊരു ശാന്തത രാമചന്ദ്രൻ അനുഭവിച്ചിട്ടില്ല. അനന്തമായ ആകാശത്തിലെ എണ്ണമററ നക്ഷത്രങ്ങളിൽ അവൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത സൗന്ദര്യം ദർശിച്ചു. അവിടെനിന്നും കണ്ണു പറിച്ചെടുക്കുവാൻ വയ്യാത്തപോലെ അവനുതോന്നി. ഇവയ്ക്കു സൗന്ദര്യം എവിടെനിന്നുണ്ടായി? നീലാംബരവുമായി നിരന്തരം മൗനസംഭാഷണത്തിലേർപ്പെട്ടിരുന്ന വന്മരങ്ങളുടെ നിശ്ചലമായ നില്പ് ശാന്തഗംഭീരമായ ശാന്തിയുടെ പ്രതീകംപോലെ അവനനുഭവപ്പെട്ടു. കിഴക്കൻ കുന്നുകൾക്കപ്പുറത്ത് പ്രകൃതിയുടെ നിർമ്മാണപ്പുരയിൽ നിന്ന് വെള്ളി പൊട്ടി ഒലിക്കുന്നതുപോലെ തോന്നുന്നു. കറുത്ത കൊച്ചുമേഘങ്ങളുടെ വക്കിലെല്ലാം കസവു ചാർത്തിക്കൊണ്ട് ആരാണ്ട് ഉയർന്നു വരുന്നത്. നിലാവെളിച്ചം അവിടെയൊക്കെ പരന്നു നിർന്നിമേഷമായ ആനന്ദനിർവൃതി പാനംചെയ്തുകൊണ്ട് പ്രപഞ്ചമെല്ലാം നിലനിൽക്കുന്നു. എവിടെ നോക്കിയാലും ശാന്തി! എവിടെ നോക്കിയാലും നിർവൃതിയിൽ ലയിച്ചുനിൽക്കുന്ന പ്രപഞ്ചം....ഒരു പുതിയ ലോകത്തിൽ പ്രവേശിച്ച് അത്ഭുതത്തിൻെറ നടുവിൽ പെട്ടതുപോലെയൊരനുഭവം, ഹൃദയത്തിൽ തിങ്ങിനില്ക്കുന്ന വികാരം....അതൊന്നു പൊട്ടിപുറത്തു പോയില്ലെങ്കിൽ.... പ്രപഞ്ചം നടുങ്ങുന്നമാതിരി വിളിച്ചറിയിയിക്കണമെന്നൊരു തോന്നൽ....കൊച്ചു കുട്ടിയെപ്പോലെ എങ്ങിനെന്നില്ലാതെ കൂത്താടിക്കളിക്കുവാൻ ഒരു അത്യാഗ്രഹം.......തുമ്പിക്കൈ പൊക്കിപ്പിടിച്ച് ദീർഘമായി ഒന്നു നിശ്വസിച്ചു. [illegible]ണത്ത നിർമ്മലമായ വായു!—....അവൻെറ ശരീരമെല്ലാം രോമാഞ്ചമണിഞ്ഞു....എന്തിനെന്നില്ലാതെ.......തുമ്പിക്കൈക്കുയർത്തി ചുരുട്ടിപ്പിടിച്ച് അവൻ ഉറക്കെ ഒരു വിളി....അതിൻെറ പ്രതിധ്വനി നിലാവിൽ മുങ്ങിക്കുളി[illegible]ല്ക്കുന്ന മേടുകളിൽ ചെന്നലച്ചു......ആ[illegible]ു ഒന്നോടണമെന്നുതോന്നുകയാൽ അവൻ [illegible]തിയായി മുന്നോട്ടൊന്നാഞ്ഞു.......കാലി[illegible]ങ്ങലയക്കൊളിച്ചു-അവൻ താന്നിവൃ[illegible]ത്തിൽ ബന്ധിതനായി നില്ക്കുക[illegible]ണെന്നപ്പോഴാണ് ഓർമ്മ വന്നത്—[illegible]ലിലെ ചങ്ങലയുടെ ബലവും ഭാരവും [illegible]ിനു മുൻപെങ്ങും അവൻ അനുഭവിച്ചറി[illegible]ില്ല............

P.R. SWAMY & CO
MainRoad, Pazhavangadi,
— TRIVANDRUM —
For: CYCLE SPARES
TRI CYCLES AND
CYCLES
B

രാമചന്ദ്രൻെറ വിളികേട്ട് ക്ലപ്പിലുണ്ടായിരുന്നവരിൽ ചിലരൊക്കെ ഉണർന്നു. കൊച്ചുരാമൻ എഴുന്നേററ് അവനെ അടുത്തുപോയി നോക്കി. അവൻ അവിടെനിന്ന് പച്ചിലക്കൊമ്പുകൾ ചവച്ചുടച്ചു തിന്നുകൊണ്ടിരുന്നു. "എന്താമോനേ, കിനാവുകണ്ടോ? സാരമില്ല. കേട്ടോ!...." കൊച്ചുരാമൻ രണ്ടുമൂന്നുകെട്ട് തിന്നാൻകൂട അവൻെറ അടുത്തേക്ക് നീക്കിയിട്ടിട്ടു പോയികിടന്നു. രാമചന്ദ്രന് കൊച്ചുരാമനെക്കണ്ടപ്പോൾ എന്തെന്നില്ലാത്ത നീരസം തോന്നി. അവന് അയാളോട് ഒരു അവജ്ഞയോ, വെറുപ്പോ, വല്ലാത്ത കോപമോ, ഇതെല്ലാം കലർന്ന മനോഭാവമോ ഉണ്ടായി. നിലാവെളിച്ചത്തിൽ കൊച്ചുരാമൻെറ രൂപം നീങ്ങിമറഞ്ഞത് ഒരനുഗ്രഹംപോലെ അവനു തോന്നി. പ്രകൃതി വീണ്ടും നിശ്ചലയായി. രാമചന്ദ്രനു ഉറക്കം വരുന്നില്ല. ഒരു നൂറുകൂട്ടം നൂതനാനുഭവങ്ങൾ അവൻെറ ഹൃദയത്തിൽ വിരിയുകയാണ്. കാനനത്തിലെ ആ കാററിൻെറ മൂളലിലും, കാററുകൊണ്ട് ചലിക്കുന്ന കാട്ടുചെടികളുടെ ചലനങ്ങളിലും അങ്ങകലത്തെ കുന്നിൽ നിന്ന് പ്രതിധ്വനിക്കുന്ന ശബ്ദങ്ങളിലും കാട്ടുചീവീടിൻെറ കരച്ചിലിലും എല്ലാം അവൻ പുതിയ പുതിയ അർത്ഥങ്ങൾ ദർശിച്ചു.......

നേരം അർദ്ധരാത്രികഴിഞ്ഞു. ഓരോ യാമങ്ങളിലും വിഭാഗങ്ങളായ ഭാവങ്ങളാണ് ആ കാനനദേവതയുടെ മുഖത്ത് രാത്രിയിലായിരുന്നിട്ടും രാമചന്ദ്രൻ കണ്ടത്. അന്നുവരെ അനുഭവിച്ച ജീവിതത്തിൻെറ അപൂർണ്ണത അവനു തെളിഞ്ഞുതുടങ്ങി. അനന്തമായ ആകാശത്തിൻ കീഴിൽ കണ്ണുചിമ്മുന്ന താരകങ്ങളുടെ മങ്ങിയ പ്രകാശത്തിൽ അവൻ എത്ര എത്ര രാത്രികൾ കഴിച്ചുകൂട്ടിയിട്ടുണ്ട്.......ബാല്യകാലത്തെ അവ്യക്തങ്ങളായ സ്മരണകൾ ഇന്നത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തമായിത്തോന്നി. ആ ജീവിതം അങ്ങിനെ തുടർന്നിരുന്നെങ്കിൽ അതെന്തുകൊണ്ട് ഇടയ്ക്കുവച്ച് മുടങ്ങിപ്പോയി.......ആ ജീവിതം പൂരിപ്പിച്ചു തുടരെ കൊണ്ടുപോകാൻ ഇനി കഴിവില്ലേ?.......അവൻെറ തലച്ചോറിൽ അവനു നിയന്ത്രിക്കാൻ മേലാത്ത മട്ടിൽ ചിന്തകൾ തിങ്ങിക്കൂടുകയാണ്. അവനെ ആ സുന്ദരജീവിതത്തിൽ നിന്ന് മാററി നിറുത്തുന്നതെന്താണ്.......? ഉടതുണി പുതച്ച് അവൻെറ മുമ്പിൽ കുറച്ചു മുൻപ് പ്രത്യക്ഷപ്പെട്ട ആ വൃദ്ധൻെറ രൂപം അവനോർമ്മിച്ചു.......... കാലു ചലിപ്പിച്ചപ്പോൾ കേട്ട ചങ്ങലയുടെ ശബ്ദം അവനെ ഉണർത്തി.......അതു രണ്ടുമാണ് അവൻെറ അസ്വാതന്ത്ര്യത്തിൻെറ പ്രതീകങ്ങൾ.......അതു നശിപ്പിക്കുവാൻ അവന് ആവേശം വർദ്ധിച്ചു.........അവൻെറ കാലും താന്നിവൃക്ഷച്ചുവടും തമ്മിൽ ബന്ധിച്ചിരിക്കുന്ന ശൃംഖല പൊട്ടിയാൽ.... പിന്നെ അവനെ ഈ ശപിക്കപ്പെട്ട ജീവിതത്തിൽ പിടിച്ചുനിർത്തുവാൻ മറെറന്തുണ്ട്? വിശാലമായ കാനനപ്രദേശം അവനെ മാടിവിളിക്കുകയാണ്....വരു! വരു! അടക്കാൻമേലാത്ത ആവേശം അവനെ ഊതിപ്പൊട്ടിക്കുമെന്നു തോന്നി....നിലാവെളിച്ചത്തിൽ കൊച്ചുകാറെററ് ചലിക്കുന്ന വൃക്ഷശാഖികൾ അവനെ മാടിവിളിക്കുന്നു....അവൻ അതുമാത്രമേ കേൾക്കുന്നുള്ളൂ. വരു! വരു!

തുമ്പിക്കൈ ഉയർത്തി ചുരുട്ടിപ്പിടിച്ചു ദീർഘമായി അവനൊന്നു വിളിച്ചു.......അതിൻെറ അവസാനത്തിൽ ആഞ്ഞ് ഒരോട്ടവും. കെട്ടററു വീണ മണിയുടെ ശബ്ദംപോലെ അവൻെറ കാലിലെ ചങ്ങല പൊട്ടി. അവൻ മുമ്പോട്ടു കുതിച്ചു...അവൻെറ അടിമത്തം അവസാനിച്ചു.......അവിടെ നിന്നുകൊണ്ട് അതു പ്രഖ്യാപിക്കുന്നതുപോലെ അവൻ നാലഞ്ചു വിളിച്ചു. അവനുതന്നെ അൽഭുതം തോന്നി. ഇതുപോലെ തുറന്നു വിളിക്കാനുള്ള അവൻെറ ശേഷിയിൽ.......

ക്ലപ്പിലുള്ളവരൊക്കെ ഞെട്ടിയുണർന്നു "കൊച്ചുരാമാ കൊലവിളിയല്ലേ കേൾക്കുന്നേ....ആന പോയെന്നാ തോന്നുന്നേ" ഉണർന്നവരൊക്കെ അങ്ങിനെ പലതും പറഞ്ഞുകൊണ്ട് കൊച്ചുരാമനെ തിരക്കി.... ... അയാൾ അവിടെങ്ങുമില്ല. അവർ ആനയെ കെട്ടിയിരുന്ന താന്നിമരത്തിൻെറ ചുവട്ടിലേക്ക് ഓടി. "ബാ മോനേ! ബാ!......." കൊച്ചുരാമൻ രാമചന്ദ്രൻെറ നേർക്ക് കൈ നീട്ടിക്കൊണ്ട് പറയുകയാണ്. കെഞ്ചുകയാണ്. തുമ്പിക്കൈ ഉയർത്തി അവൻ വീണ്ടും വിളിച്ചു. അതിൻെറ അവസാനത്തിൽ മുമ്പോട്ടൊരോട്ടം. കാട്ടുചെടികൾ തല്ലിത്തകർത്തുതിമർത്തു കൊണ്ടുള്ള ഓട്ടം.......അവ്യക്തമായ നിലാവെളിച്ചത്തിൽ, അതിഘോരമായ വനത്തിനുള്ളിലേക്ക് അവൻ ഓടി മറഞ്ഞു.

"എന്നെ ചതിച്ചോടാ മോനേ!" കൊച്ചുരാമൻ തടിപോലെ താഴെ വീണു. ക്ലപ്പിൽ നിന്നു ഓടിയെത്തിയവർ അവിടെ ബോധരഹിതനായി കിടന്ന അയാളെ കോരി എടുത്തു കൊണ്ട് കുടിലിലേക്കു പോയി.......

—o—